LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കണ്ടറി മേഖലയിലെ അധ്യാപക സ്ഥലം മാറ്റം

41(2895) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി അധ്യാപക സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ പരിശോധിക്കാൻ സമിതിയെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സ്ഥലംമാറ്റത്തിലെ അപാകതമൂലം മിക്ക സ്കൂളുകളിലും പല വിഷയങ്ങൾക്കും അധ്യാപകരില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സ്ഥലം മാറ്റം സംബന്ധിച്ച വിവിധ കേസ്സുകളിന്മേൽ ഉള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 1-10-2015-ലെ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് 7-10-2015-ലെ സ.ഉ.(സാധാ) 4757/2015/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സമിതിയെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സമിതി കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ ഹയർ സെക്കണ്ടറി ഡയറക്ടർ സ്വീകരിച്ചുവരുന്നു.

ഹയർസെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.റ്റി.- ഹിസ്റ്ററി ഒഴിവുകൾ

42(2896) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.റ്റി. - ഹിസ്റ്ററി വിഷയത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവിൽ സീനിയർ/ജൂനിയർ തസ്തിക എത്രയെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ഒഴിവുകളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് നിലവിലുള്ള ഒഴിവുകളിലേക്ക് എന്നത്തേക്ക് നിയമനം നൽകാൻ സാധിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഹയർസെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.റ്റി. (ഹിസ്റ്ററി) വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി. (സീനിയർ) തസ്തികയിൽ 40 ഒഴിവുകളും ജൂനിയർ തസ്തികയിൽ 32 ഒഴിവുകളും നിലവിലുണ്ട്.

(സി) എച്ച്.എസ്.എസ്.റ്റി. (സീനിയർ) തസ്തികയിൽ 2 ഒഴിവുകളും ജൂനിയർ തസ്തികയിൽ 8 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത സീനിയർ തസ്തികയിലെ 2 ഒഴിവുകളിലേക്കും ജൂനിയർ തസ്തികയിലെ 8 ഒഴിവുകളിലേക്കും പി.എസ്.സി.-യിൽ നിന്ന് നിയമനോപദേശം ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. ശേഷിക്കുന്ന ഒഴിവുകൾ സ്പെഷ്യൽ റൂൾസ് പ്രകാരം തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ളതാണ്.

ഹയർസെക്കണ്ടറി വിദ്യാഭ്യാസരംഗം

43(2897) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. സാജു പോൾ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസരംഗം കുത്തഴിഞ്ഞ അവസ്ഥയിലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർസെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിദ്യാർത്ഥികളുടെ പഠനത്തെ ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നറിയാമോ ;

(സി) നടപ്പു അദ്ധ്യയന വർഷാരംഭത്തിൽ തന്നെ പുതിയ അദ്ധ്യാപക നിയമനത്തിനും സ്ഥലംമാറ്റത്തിനുമുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്തു കൊണ്ടെന്ന് വിശദീകരിക്കുമോ ;

(ഡി) അദ്ധ്യയനവർഷം പകുതി പിന്നിട്ടശേഷം മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള കൂട്ട സ്ഥലംമാറ്റം അദ്ധ്യാപകരെ എങ്ങനെ ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly